ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാകിസ്ഥാനുമായുള്ള സിന്ധു നദീജല കരാർ ഇന്ത്യ പുനഃസ്ഥാപിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **India will never restore Indus Water Treaty with Pakistan says HM Amit Shah.**

2. ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് ഇതുവരെ എത്തിയത് 1,117 ഇന്ത്യക്കാർ; തങ്ങളുടെ പൗരന്മാരെ രക്ഷിച്ചതിന് ഇന്ത്യയ്ക്ക് നന്ദി അറിയിച്ച് നേപ്പാളും ശ്രീലങ്കയും.

   **As many as one thousand one hundred 17 Indian nationals evacuate from Iran under Operation Sindhu ; Nepal and Sri Lanka share gratitude to India for rescuing their citizens.**

3. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പ് ഫലം നാളെ; വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

   **Nilambur Assembly by-election results tomorrow; arrangements in place for counting of votes.**

4. ഇസ്രയേൽ-ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു; ഇറാൻറെ ആണവ കേന്ദ്രങ്ങളിൽ, യു എസ് ആക്രമണം നടത്തിയതായി പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്.

   **Israel-Iran conflict continues to escalate; President Donald Trump confirms US attacks on Iran's nuclear sites.**

5. ജർമ്മനിയിൽ നടന്ന വനിതാ സിംഗിൾസ് ടെന്നീസ് ഐ ടി എഫ് ജൂനിയർ 200 ഗ്ലാഡ്ബെക്ക് കിരീടം നേടി ഇന്ത്യയുടെ മായ രാജേശ്വരൻ.

   **India's Maya Rajeshwaran wins the women's singles tennis ITF Junior 200 Gladbeck title held in Germany.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## AMIT SHAH

പാകിസ്ഥാനുമായുള്ള സിന്ധു നദീജല കരാർ ഇന്ത്യ പുനഃസ്ഥാപിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. രാജസ്ഥാനിൽ നിന്ന് പാകിസ്ഥാനിലേക്ക് ഒഴുകുന്ന അധിക ജലം കൊണ്ടുപോകാൻ സർക്കാർ ഒരു കനാൽ നിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഒരു ഇംഗ്ലീഷ് ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ, തീവ്രവാദത്തിനെതിരെ സഹിഷ്ണുതയില്ലാത്ത സർക്കാരിന്റെ നയം എന്നും നിലനിൽക്കുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM-MULTI NATION VISIT (INTRO)

ഭീകരതയെ ചെറുക്കുന്നതിൽ ഇന്ത്യ ആഗോള സമവായം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ജൂലൈയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബഹുരാഷ്ട്ര പര്യടനം നടത്തും. 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക്.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## PM-MULTI NATION VISIT (VOICE)

ഉഭയകക്ഷി സാമ്പത്തിക സഹകരണം വളർത്തുന്നതിനും, ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് വിവിധ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളിൽ നിന്ന് കൂടുതൽ പിന്തുണ നേടുന്നതിനുമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം ലക്ഷ്യമിടുന്നത്. ബ്രസീലിൽ നടക്കുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും. ജൂലൈ ആദ്യ വാരത്തിൽ പ്രധാനമന്ത്രി മോദി മൊറോക്കോ, അർജന്റീന, ബ്രസീൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, ജോർദാൻ എന്നീ രാജ്യങ്ങൾ പ്രധാനമന്ത്രി സന്ദർശിക്കുമെന്ന് ഉന്നത വൃത്തങ്ങൾ അറിയിച്ചു. 1999 ഫെബ്രുവരിയിൽ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി വടക്കേ ആഫ്രിക്കൻ രാജ്യത്തേക്ക് നടത്തിയ ചരിത്രപ്രധാനമായ

സന്ദർശനത്തിന് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന രണ്ടാമത്തെ മൊറോക്കോ സന്ദർശനമാണിത്.
**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## HEAD LINE – 2

## NEPAL-SRI LANKA-OP SINDHU

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് 1,117 ഇന്ത്യക്കാരെ ഒഴിപ്പിച്ചു. ഇന്നലെ രാത്രി മഷാദിൽ നിന്ന് ന്യൂഡൽഹിയിൽ വന്നിറങ്ങിയ പ്രത്യേക വിമാനത്തിൽ 290 ഇന്ത്യക്കാർ സുരക്ഷിതമായി നാട്ടിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്നലെ വൈകുന്നേരം മറ്റൊരു വിമാനം 310 ഇന്ത്യക്കാരുമായി ന്യൂഡൽഹിയിൽ എത്തിയിരുന്നു. അതേസമയം ഓപ്പറേഷൻ സിന്ധുവിലൂടെ തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ സഹായിച്ചതിന് നേപ്പാളും ശ്രീലങ്കയും ഇന്ത്യയോട് നന്ദി അറിയിച്ചു. നേപ്പാൾ-ഇന്ത്യ ബന്ധത്തിന്റെ പ്രതിഫലനമാണ് ഈ പിന്തുണയെന്ന് നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ഡ്യൂബ പറഞ്ഞു. ദ്വീപ് രാഷ്ട്രത്തിലെ ജനങ്ങൾ ഈ പരിശ്രമത്തെ വിലമതിക്കുന്നതായി ശ്രീലങ്കൻ വിദേശകാര്യ മന്ത്രാലയം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## OPERATION SINDHU - MALAYALI STUDENT

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇന്നലെ ഇറാനിൽ നിന്നുള്ള യാത്രാസംഘത്തിലെ ഏക മലയാളി വിദ്യാർഥിനി ഫാദില കച്ചക്കാരൻ കൊച്ചിയിൽ എത്തി. ഇറാനിൽ രണ്ടാം സെമസ്റ്റർ എംബിബിഎസ് വിദ്യാർത്ഥിനിയാണ് മലപ്പുറം മുടിക്കോട് സ്വദേശി ഫാദില.

&&&&&&&&&&&&&&&&&&

## DGCA – AIR INDIA

ക്രൂ ഷെഡ്യൂളിങ്ങിൽ ഗുരുതര വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാൻ എയർ ഇന്ത്യക്ക് ഡിജിസിഎയുടെ നിർദേശം. ഡിവിഷണൽ വൈസ് പ്രസിഡന്റ് ഉൾപ്പെടെ മൂന്ന് മുതിർന്ന ഉദ്യോഗസ്ഥരെ ജോലിയിൽ നിന്ന് മാറ്റിനിർത്താനാണ് നിർദേശം. ജീവനക്കാരുടെ വിശ്രമം, ലൈസൻസിങ് എന്നിവയുമായി ബന്ധപ്പെട്ട് കമ്പനിയിലുണ്ടായ ഗുരുതരമായ വീഴ്ചകൾക്ക് ഈ ഉദ്യോഗസ്ഥർ കാരണക്കാരായതായി ഡിജിസിഎ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## SHAH – CHHATTISGARH VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനം ഇന്ന് ആരംഭിക്കും . സന്ദർശന വേളയിൽ തലസ്ഥാനമായ റായ്പൂരിലും നാരായൺപൂർ ജില്ലയിലും നടക്കുന്ന വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. റായ്പൂരിൽ ഇന്ന്, നാഷണൽ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയുടെയും സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും കാമ്പസിന്റെ തറക്കല്ലിടൽ കേന്ദ്ര ആഭ്യന്തരമന്ത്രി നിർവഹിക്കും. ഛത്തീസ്ഗഢിലെയും അയൽ സംസ്ഥാനങ്ങളിലെയും പോലീസ് ഡയറക്ടർ ജനറലുമായും അഡീഷണൽ ഡയറക്ടർ ജനറലുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## NILAMBUR

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൻ്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. ഇതിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. വോട്ടെണ്ണൽ പൂർണ്ണമായി സിസി ടി വി നിരീക്ഷണത്തിൽ

ആയിരിക്കും. സ്ഥലത്ത് കേന്ദ്രസേനയുടെയും പോലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ ഇന്നു മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## EGYPT FOREIGN MINISTER

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഈജിപ്ത് വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടി നാളെ ഇന്ത്യയിലെത്തും. സന്ദർശന വേളയിൽ, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## INDIA ENGLAND - TEST CRICKET

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്നലെ കളി അവസാനിക്കുമ്പോൾ ആതിഥേയരായ ഇംഗ്ലണ്ട്, 3 വിക്കറ്റിന് 209 എന്ന നിലയിൽ. 100 റൺസോടെ ഒല്ലി പോപ്പും റൺസൊന്നുമെടുക്കാതെ ഹാരി ബ്രൂക്കും ക്രീസിലുണ്ട്. ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 471 റൺസിന് അവസാനിച്ചിരുന്നു . യശസ്വി ജയ്സ്വാൾ, ക്യാപ്റ്റൻ ശുബ്മൻ ഗിൽ, ഋഷഭ് പന്ത് എന്നിവരുടെ സെഞ്ച്വറി മികവിലാണ് ഇന്ത്യയുടെ സ്കോർ, 400 ന് മുകളിൽ എത്തിയത്. ഇംഗ്ലണ്ടിന്റെ മൂന്ന് വിക്കറ്റുകളും ജസ്പ്രീത് ബുംറ വീഴ്ത്തി.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## TENNIS- ITF J200

ഇന്ത്യയുടെ മായ രാജേശ്വരൻ ജർമ്മനിയിൽ നടന്ന വനിതാ സിംഗിൾ ടെന്നീസിൽ ഐ ടി എഫ് ജെ 200 ഗ്ലാഡ്ബെക്ക് കിരീടം

നേടി. ഫൈനലിൽ സ്വിറ്റ്സർലൻഡിന്റെ നോലിയ മാന്തയെ 6-2, 6-4 ന് പരാജയപ്പെടുത്തിയാണ് മായ ആദ്യ കിരീടം നേടിയത്. മായയുടെ ഏഴാമത്തെ ഐടിഎഫ് ജൂനിയർ കിരീടമാണിത്.

&&&&&&&&&&&&&&&&&&

## UNDER-23 ASIAN CHAMPIONSHIPS- WRESTLERS

വിയറ്റ്നാമിൽ നടന്ന അണ്ടർ 23 ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗുസ്തിക്കാർ മികച്ച പ്രകടനം കാഴ്ചവച്ചു. പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ അഞ്ച് സ്വർണ്ണ മെഡലുകൾ ഉൾപ്പെടെ, ഇന്ത്യ ആറ് മെഡലുകൾ നേടി. നേരത്തെ, നാല് സ്വർണ്ണവും അഞ്ച് വെള്ളിയും ഉൾപ്പെടെ 10 വിഭാഗങ്ങളിലും മെഡലുകൾ നേടിയ ഇന്ത്യ, വനിതാ ഫ്രീസ്റ്റൈൽ ടീം കിരീടവും നേടിയിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## ISRAEL- IRAN- VOICE (INTRO)

ഇസ്രയേൽ-ഇറാൻ സംഘർഷം, രൂക്ഷമായി തുടരുന്നു. ഇറാൻറെ തന്ത്രപ്രധാന തുറമുഖ നഗരത്തിൽ, ഇസ്രായേൽ ആക്രമണം ശക്തമാക്കി. ഈ മേഖലയിൽ, അമേരിക്ക, സ്റ്റെൽത്ത് ബോംബറുകൾ വിന്യസിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ദുബായ് പ്രത്യേക പ്രതിനിധി വിനോദ് കുമാർ........ (ഹോൾഡ്-വോയ്സ്)**

&&&&&&&&&&&&&&&&&&

## US STRIKE IRAN NUKES

ഇറാൻറെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ, വിജയകരമായ ആക്രമണം നടത്തിയതായി യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിലെ ഇറാനിയൻ ആണവ കേന്ദ്രങ്ങളിലാണ് യുഎസ് ആക്രമണം നടത്തിയെന്നും ആക്രമണത്തിൽ പങ്കെടുത്ത എല്ലാ വിമാനങ്ങളും ഇപ്പോൾ ഇറാനിയൻ വ്യോമാതിർത്തിക്ക് പുറത്താണെന്നും ട്രംപ് സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു.

ഇറാനെതിരായ ആക്രമണത്തിൽ അമേരിക്ക ഔദ്യോഗികമായി ഇസ്രായേലിനൊപ്പം ചേർന്നതായി ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

## NIGERIA-BLAST

നൈജീരിയയിൽ ഉണ്ടായ ചാവേർ ബോംബാക്രമണത്തിൽ 12 പേർ കൊല്ലപ്പെട്ടു. 30 ഓളം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്ഫോടകവസ്തു ധരിച്ച ഒരു സ്ത്രീ ജനക്കൂട്ടത്തിലേക്ക് നുഴഞ്ഞുകയറി പൊട്ടിത്തെറിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## PM - BALA PURASKAR

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികൾക്കായി പ്രധാൻമന്ത്രി രാഷ്ട്രീയ ബാലപുരസ്ക്കാർ നൽകുന്നതിനായി നാമനിർദ്ദേശം ക്ഷണിച്ചു. ധീരത, സാമൂഹ്യപ്രവർത്തനം, പരിസ്ഥിതി, കായികരംഗം, കലയും സംസ്ക്കാരവും, ശാസ്ത്ര സാങ്കേതികവിദ്യ എന്നിവയിൽ കഴിവുതെളിയിച്ച, 18 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്കാണ് രാഷ്ട്രപതി പുരസ്ക്കാരം നൽകുക. നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 31.

&&&&&&&&&&&&&&&&&&

## MIZORAM- DRUG SEIZE

മിസോറാമിൽ, അസം റൈഫിൾസിൻറെ നേതൃത്വത്തിൽ 11.53 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടിച്ചെടുത്തു. രണ്ട് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് മയക്കുമരുന്ന് വിൽപനക്കാരെ അറസ്റ്റ് ചെയ്തു. മറ്റ് രണ്ട് വ്യത്യസ്ത ഓപ്പറേഷനുകളിൽ, മിസോറാമിലെ ചാമ്പായി ജില്ലയിൽ നിന്ന് 81 ലക്ഷം രൂപ വിലമതിക്കുന്ന വിദേശ സിഗരറ്റുകളും 29 ലക്ഷം രൂപ വിലമതിക്കുന്ന ഹെറോയിനുമായി മൂന്ന് പേരെയും അസം റൈഫിൾസ് സൈന്യം പിടികൂടി.

&&&&&&&&&&&&&&&&&&

**BRITAIN- ASSISTED DYING**

ഇംഗ്ലണ്ടിലും വെയിൽസിലും ആരോഗ്യ വിദഗ്ദ്ധന്റെ സഹായത്തോടെ മരണം സ്വയം സ്വീകരിക്കാൻ അനുവാദം നൽകുന്നത് നിയമവിധേയമാക്കുന്നതിനുള്ള ബിൽ ബ്രിട്ടീഷ് പാർലമെൻറിൻറെ അധോസഭയായ ഹൗസ് ഓഫ് കോമൺസ് അംഗീകരിച്ചു. പാർലമെന്റ് അംഗങ്ങൾക്ക് പാർട്ടി നയം പിന്തുടരാതെ സ്വതന്ത്രമായി വോട്ടുചെയ്യാൻ അനുവാദം നൽകിയാണ് ബിൽ പാസ്സാക്കിയത്. പ്രധാനമന്ത്രി കെയർ സ്റ്റാർമർ ബില്ലിനെ പിന്തുണച്ചു. ഇംഗ്ലണ്ടിലെയും വെയിൽസിലെയും മാനസികാരോഗ്യമുള്ള മാരകരോഗികളായ മുതിർന്നവർക്കും ആറ് മാസമോ അതിൽ കുറവോ മാത്രമേ ജീവിച്ചിരിക്കൂ എന്നുറപ്പുള്ളവർക്കും വൈദ്യസഹായത്തോടെ ജീവിതം അവസാനിപ്പിക്കാൻ ബിൽ അവകാശം നൽകുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&